# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണാവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 5-1338/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണാവള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 5-1338/2023 തീയ്യതി: 07/12/2023

## ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 30-10-2023 | 09-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-10-2023 | 09-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ.വി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.രഞ്ജു പ്രകാശ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത് പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ധന്യ സന്തോഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ആർ എ പ്രദീപ്കുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഫാത്തിമ റഹിയാനത്ത് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അരുൺമിത്ര വി വി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. അശ്വതി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. നടാഷ തെരേസ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ധന്യ വി പൈ | വെറ്ററിനറി സർജൻ | 01-04-2022 | 15-04-2022 |
| ഡോ. ഷമീമ എ | വെറ്ററിനറി സർജൻ | 16-04-2022 | 28-01-2023 |

| | | | |
|---|---|---|---|
| ഡോ. ഹെൽന മരിയ വിൽസൺ | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ശ്രീമതി. റോസ് ലിൻ ജോയ്സൺ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. റഹിയ സി എച്ച് | എച്ച്.എം, ഗവ.എൽ പി എസ്, തൃച്ചാറ്റുകുളം | 01-04-2022 | 30-06-2022 |
| ശ്രീ. ടോമി സേവ്യർ | എച്ച്.എം, ഗവ.എൽ പി എസ്, തൃച്ചാറ്റുകുളം | 01-07-2022 | 31-03-2023 |
| ശ്രീമതി. ഷിൻഡ്യ എൽ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 25-06-2022 |
| ശ്രീമതി. മൂല്യ മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-06-2022 | 31-03-2023 |
| ശ്രീമതി. ലീന ഡെന്നീസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി. ശ്യാമ ധരൻ | ഫിഷറീസ് ഓഫീസർ | 01-06-2022 | 11-12-2022 |
| ശ്രീമതി. ധന്യ യു | ഫിഷറീസ് ഓഫീസർ | 12-12-2022 | 31-03-2023 |
| ശ്രീമതി. അമ്പിളി പി സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. സൈഫുന്നീസ എൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തൃച്ചാറ്റുകുളം | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷെൽബി ജോസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഓടമ്പള്ളി | 01-04-2022 | 18-04-2022 |
| ശ്രീമതി. സാന്ദ്ര എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഓടമ്പള്ളി | 19-04-2022 | 23-09-2022 |
| ശ്രീമതി. പ്രസീദ കെ എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഓടമ്പള്ളി | 24-09-2022 | 31-03-2023 |
| ശ്രീമതി. മാലിനി എസ് സാം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 20-11-2022 |
| ശ്രീമതി. ജിഷ ആൻറണി | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 21-11-2022 | 25-11-2022 |
| ശ്രീ. മധു സി ആർ | ഓവർസിയർ (അസിസ്റ്റന്റ് എഞ്ചിനീയറുടെ ചാർജ്) | 26-11-2022 | 31-03-2023 |
| ശ്രീമതി. മുത്തുലക്ഷ്മി അജയ് | അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2022 | 02-11-2022 |
| കുമാരി. കീർത്തന ലക്ഷ്മണൻ | അക്രഡിറ്റഡ് എഞ്ചിനീയർ | 03-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കിൽ തുക തെറ്റായി ചേർത്തിരിക്കുന്നു. | 1-1-5 |
| 7 | റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ചെലവ് സാംഖ്യയിൽ രേഖപ്പെടുത്താതിരുന്നതിനാൽ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വികസന ഫണ്ട് (എസ് സി പി) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ധനകാര്യ കമ്മീഷൻ സി എഫ് സി ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | RP(40B) -ലെ കേരളാ ബാങ്ക് അക്കൗണ്ട് നം. 1234 ൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിയ്ക്കാൻ രേഖകൾ ഹാജരാക്കിയില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 23 | ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഇടാക്കിയില്ല-വരുമാന നഷ്ടം | 1-11 |
| 24 | നീന്തൽക്കുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്തില്ല- വരുമാന നഷ്ടം | 1-12 |
| 25 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 26 | പാണാവള്ളി ഗ്രാമപഞ്ചായത്ത് എഫ് എച്ച് സിയിൽ സോളാർ പാനൽ സ്ഥാപിക്കൽ - അപാകതകൾ | 1-14 |
| 27 | ജില്ലാ പഞ്ചായത്ത് എ ബി സി പ്രോഗ്രാമിന്റെ നടത്തിപ്പിനായി അധികം ചെലവഴിച്ച തുക രേഖകൾ പരിശോധിക്കാതെ വർഷങ്ങൾക്കുശേഷം ജില്ലാ പഞ്ചായത്തിന് തിരിച്ച് നൽകി | 1-15 |
| 28 | എച്ച് എം നടപ്പാക്കിയ പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം - മധ്യ വേനലവധിക്കാലത്തും വേതനം നല്കി | 1-16 |
| 29 | തൊഴിലുറപ്പ് പദ്ധതിയിൽ 80mm Thick CC Paver Block പാകുന്നതിനായി അധിക നിരക്ക് അനുവദിക്കുന്നു. | 1-17 |
| 30 | മാലിന്യനിർമ്മാർജ്ജനം - സി സി റ്റി വി സ്ഥാപിക്കൽ | 1-18 |
| 31 | സാന്ത്വന പരിചരണം - വിനോദയാത്ര സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി | 1-19 |
| 32 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായനികുതി, ജി എസ് റ്റി എന്നിവ | 1-20 |

| | | |
|---|---|---|
| | ഈടാക്കിയില്ല | |
| 33 | ടാർവീപ്പയുടെ വില കുറവ് ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. | 1-21 |
| 34 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല | 1-22 |
| 35 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 36 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-24 |
| 37 | ഓഡിറ്റ് ഇംപാക്റ്റ് - അനുപൂരക പോഷകാഹാര പദ്ധതി സ്റ്റോക്കിലെടുക്കാത്ത അംഗന ന്യൂട്രിമിക്സിന്റെ വില ഒടുക്കി | 1-25 |
| | ഭാഗം **2** | |
| 1 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 2 | നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു | 2-2 |
| 3 | റിസോർട്ടിലെ നീന്തൽക്കുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല | 2-3 |
| | ഭാഗം **3** | |
| 1 | എച്ച് എം നടപ്പാക്കിയ പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം - മധ്യ വേനലവധിക്കാലത്തും വേതനം നല്കി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023-ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

### 1-1-5 വാർഷിക കണക്കിൽ തുക തെറ്റായി ചേർത്തിരിക്കുന്നു.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10.5.2019ൽ ലഭിച്ച 1,80,000 രൂപയുടെ സാംഖ്യയിൽ ചെലവ് രേഖപ്പെടുത്താത്തതിനാൽ ജില്ലാസഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Collected എന്ന ഹെഡിലാണ് ടി തുക ഇപ്പോഴും രേഖപ്പെടുത്തുന്നത്. അതുപോലെ Directly Credited By Bank എന്ന ഹെഡിൽ ചേർത്തിട്ടുള്ള 5.4.2019ലെ 87,200 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

### 1-1-6 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്ന ഹെഡിൽ ചേർത്തിട്ടുള്ള 9.4.2019ലെ 2,89,928 രൂപയും Cheque Issued But Not Presented എന്ന ഹെഡിൽ ചേർത്തിട്ടുള്ള 12.3.2019ലെ 1,04,250 രൂപയും ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല.

1-1-7 ചെലവ് സാംഖ്യയിൽ രേഖപ്പെടുത്താതിരുന്നതിനാൽ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

സംയുക്ത പ്രോജക്ടുകൾക്കായുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 26.3.2019ൽ നൽകിയ 67897 രൂപയുടെ ചെക്ക് 20.4.2020ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതിനാൽ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഇപ്പോഴും Directly Debited By Bank എന്ന ഹെഡിൽ രേഖപ്പെടുത്തിപോരുന്നു.

1-1-8 വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക 2,02,19,000/- രൂപയും വാർഷിക കണക്ക് , സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക 1,92,40,274/- രൂപയുമാണ്.

1-1-9 വികസന ഫണ്ട് (എസ് സി പി) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് (എസ് സി പി ) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക 79,66,703/- രൂപയും വാർഷിക കണക്ക് , സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക 79,21,703/- രൂപയുമാണ്.

1-1-10 ധനകാര്യ കമ്മീഷൻ സി എഫ് സി ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ സി എഫ് സി ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക 65,76,047/- രൂപയും വാർഷിക കണക്ക് , സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക യഥാക്രമം 66,05,727/- , 62,16,602/- രൂപയുമാണ്.

1-1-11 RP(40B) -ലെ കേരളാ ബാങ്ക് അക്കൗണ്ട് നം. 1234 ൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിയ്ക്കാൻ രേഖകൾ ഹാജരാക്കിയില്ല.

വാർഷിക ധനകാര്യ പത്രിക RP(40B) പ്രകാരം 1,20,000/- രൂപ കേരളാ ബാങ്ക് അക്കൗണ്ട് നം. 1234 ൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യത പരിശോധിയ്ക്കാൻ രേഖകൾ ഹാജരാക്കിയില്ല.

1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ 31.3.23 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പഞ്ചായത്തിന്റെ ആകെ ആസ്തിമൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26/03/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 266061742 | 263886000 |
| വാർഷിക കണക്ക് പ്രകാരം | 175333966 | 178865801 |

07/03/2023 തീയതിയിലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവ് കണക്കുകൾ താഴെകൊടുക്കുന്നു

| വരവ് | ചെലവ് |
|---|---|
| 256615862 | 243836000 |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17992164 |
| വരവ് | 63034655 |
| ആകെ | 81026819 |
| ചെലവ് | 45484186 |
| നീക്കിയിരിപ്പ് | 35542633 |

1-4 ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | |
|---|---|---|---|---|---|

| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | | നീക്കിയിരുപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 5652722 | 14566278 | 20219000 | 19240274 | 978726 |
| വികസനഫണ്ട് എസ്.സി.പി. | 0 | 835222 | 7919778 | 8755000 | 7921703 | 833297 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 57232 | 145767 | 202999 | 202999 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് ( ബാങ്ക് ) | 1175025 | | 5274000 | 6449025 | 3895565 | 2553460 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ( ട്രഷറി ) | - | - | 93882 | 93882 | 93882 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് ( ബാങ്ക് ) | 282332 | - | 3516000 (പലിശ- 137636) ആകെ- 3653636 | 3935968 | 2568454 | 1367514 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ( ട്രഷറി ) | | | 54145 | 54145 | 47826 | 6319 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | | 3627000 | 3627000 | 1032610 | 2594390 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 0 | 8504000 | 8504000 | 7103955 | 1400045 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 202972094 | 58 | 69775983 | 84 | 65 | 28% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3770 | 1346535 | 1350305 | 1300027 | 50278 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 46702043 | 46702043 | 46702043 | 0 |
| ആകെ | 3770 | 48048578 | 48052348 | 48002070 | 50278 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 48720 | 68 |
| കർഷക തൊഴിലാളി പെൻഷൻ | 2725200 | 253 |
| വിധവാ പെൻഷൻ | 11382600 | 1104 |
| വാർദ്ധക്യകാല പെൻഷൻ | 27359800 | 2986 |
| വികലാംഗ പെൻഷൻ | 4505000 | 410 |
| അവിവാഹിത പെൻഷൻ | 721200 | 67 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2023 തീയതിയിൽ 03:00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 22,112/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ. (എം.എസ്.) 123/2009/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
3. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി, നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം 204). നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച് 2022-23 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ, നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ബജറ്റും വരവുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കുന്നതിനായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിശ്ശിക നിവാരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 14-07-2022 തിയതിയിലെ 5(1)ാം തീരുമാന പ്രകാരം നിശ്ചയിക്കുകയുണ്ടായി.

മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്. 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 08-05-2023 ലെ 3ാം നമ്പർ തീരുമാന പ്രകാരം ചർച്ച ചെയ്ത ശിപാർശകൾ 07.08.2023 തീയതിയിൽ ഭരണസമിതിയിൽ ചർച്ച ചെയ്ത് കമ്മറ്റിയുടെ 5(1)ാം നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## 2022-23 ലെ വസ്തു നികുതി സംബന്ധിച്ച്

വസ്തു സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും, ILGMS വരവും തമ്മിലുള്ള അന്തരം താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | ആകെ |
|---|---|---|---|
| ILGMS പ്രകാരമുള്ള വരവ് | 16,57,566 | 1,07,67,597 | 1,24,25,163 |
| സഞ്ചയ പ്രകാരമുള്ള വരവ് | 16,45,725 | 1,12,57,431 | 1,29,03,156 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 08-05-2023 ലെ 3(1) തീരുമാന പ്രകാരം ചർച്ച ചെയ്ത 01.04.20203 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച ശിപാർശകൾ ജനറൽ കമ്മറ്റിയുടെ 10.07.2023 തീയതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനവും 07.08.2023 തീയതിയിലെ 5(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ച് സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുകയും ചെയ്തു. അന്തിമ വിജ്ഞാപനം നടത്തി സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുന്നതിന് മുൻപ് 01.04.2023 ന ശേഷം അസസ്സ് ചെയ്ത കെട്ടിട ഉടമകളിൽ നിന്നും പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിച്ചിരുന്നില്ല, ടി കാലയളവിൽ പരിഷ്കരിച്ച വസ്തുനികുതി നിരക്ക് പ്രകാരം അധികമായി ഒടുക്കേണ്ട തുക പഞ്ചായത്തിൽ ഒടുക്കാം എന്ന സത്യവാങ്മൂലം ടി കെട്ടിട ഉടമകളുടെ പക്കൽ നിന്നും പഞ്ചായത്ത് എഴുതി മേടിച്ചിട്ടുണ്ട്. കുടിശ്ശിക ഭാവിയിൽ ടി കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖല വിഭജനം പരിഷ്കരിക്കാതെ 2013 ലെ മേഖലാ വിജ്ഞാപനം നിലനിർത്തിയിട്ടുണ്ട്. പഞ്ചായത്ത് റോഡ് മാപ്പിൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടില്ല. സഞ്ജയ സോഫ്റ്റ് വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്തിൽ UA റെജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി റെജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്. ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട്. ഇതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ല.

തൊഴിൽ നികുതി

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്കും ഡിമാൻറ് നോട്ടീസ് കൃത്യ സമയത്ത് നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ് , വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സംപൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

വിനോദ നികുതി

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല.പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി നെറ്റ്വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി, ട്രെഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇവ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്ക് വരുത്തുന്നുണ്ട്.

ഓഡിറ്റിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ്

ആവശ്യപ്പെടാവുന്നതാണ്.

4)പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKM നോട് ആവശ്യപ്പെടേണ്ടതാണ്.

6)സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

## 1-11 ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഇടാക്കിയില്ല-വരുമാന നഷ്ടം

പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചതിൽ 8ാം വാർഡിൽ 8/427,8/427-A, 8/436,എന്നീ കെട്ടിട നമ്പറുകളുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന ഗ്രാന്റ് ആയുർ ഐലന്റ് എന്ന ആയുർവേദ റിസോർട്ടിലെ 250 $M^2$ വീതം തറ വിസ്തീർണ്ണമുള്ള 8/427-A, 8/436 എന്നീ കെട്ടിടങ്ങൾക്ക് റിസോർട്ട് എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട 90/- രൂപ നിരക്കിന് പകരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഈടാക്കുന്ന ച:മീറ്ററിന് 40/- രൂപ എന്ന കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ആണ് ഈടാക്കുന്നത്. ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ഇത് കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. പ്രസ്തുത കെട്ടിടങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ 3 ഇരട്ടി നികുതി ബാധകമാണ്. ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി അസസ്സ് ചെയ്ത് ഈടാക്കിയത് മൂലം പഞ്ചായത്തിന് 58,722/- രൂപ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | | വസ്തുനികുതി നിർണയിക്കേണ്ടത് | | ആകെ ഈടാക്കേണ്ട വസ്തുനികുതി | ആകെ ഈടാക്കിയ വസ്തുനികുതി | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|---|---|---|
| | 8/427-A | 8/436 | 8/427-A | 8/436 | | | |
| അടിസ്ഥാന വസ്തു നികുതി | 250m²@40 =10000 | 250m²@40 =10000 | 250m²@90 = 22500 | 250m²@90 = 22500 | | | |
| മേഖല (ദ്വിതീയം) 10% ഇളവ | (-)1000 | (-)1000 | (-)2250 | (-)2250 | | | |
| നികുതി | 9000/- | 9000/- | 20250 | 20250 | | | |
| ലൈബ്രറി സെസ് 5% | (+) 450 | (+) 450 | 1013 | 1013 | | | |
| ആകെ | 9450 | 9450/- | 19237/ | 19237/ | 38,474/- | 18,900/- | 19,574/- |
| അനധികൃത നിർമ്മാണത്തിന് 3 മടങ്ങ് | 28,350 | 28,350 | 57,711/- | 57,711/- | 1,15,422/- | 56,700/- | 58,722/- |

മേൽ സൂചിപ്പിച്ച നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:06/ 07-11-2023) ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് അധികമായി ഇടാക്കേണ്ട തുകയായ 58,722/- രൂപ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 നീന്തൽക്കുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്തില്ല- വരുമാന നഷ്ടം

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011, ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിയ്ക്കുന്നു എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്. ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോടു ചേർന്ന് നിർമ്മിച്ചതെങ്കിൽ ആ കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ 8ാം വാർഡിൽ പ്രവർത്തിയ്ക്കുന്ന ഗ്രാന്റ് ആയുർ ഐലൻഡ് ആയുർവേദ റിസോർട്ടിന്റെ വെബ്സൈറ്റിൽ സ്വിമ്മിംഗ് പൂൾ സൌകര്യം ലഭ്യമാണെന്ന് പരസ്യം ചെയ്തിട്ടുണ്ട്. ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച്(നം:05/07-11-2023) സ്ഥല പരിശോധന നടത്തി നീന്തൽക്കുളത്തിന്റെ തറവിസ്തീർണം 208.65 ച:മീറ്റർ ആണെന്ന പഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സഞ്ചയ ഡാറ്റാ ബേസ് പ്രകാരം ച:മീറ്ററിന് 160/- രൂപ നിരക്കിൽ 3 ഇരട്ടി വസ്തുനികുതി ഈടാക്കുന്ന റിസോർട്ടിലെ ആയുർവേദ സുഖ ചികിത്സാ കേന്ദ്രം പ്രവർത്തിക്കുന്ന നിയമാനുസൃതമല്ലാത്ത (കെട്ടിട നം:8/427) കെട്ടിടത്തിനോട് ചേർന്ന് നിർമ്മിച്ച നീന്തൽക്കുളം നിയമാനുസൃതമല്ലാത്ത നിർമ്മിതിയാണെന്ന് പഞ്ചായത്ത് ലഭ്യമാക്കിയ മേൽ സൂചിപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA പ്രകാരം പ്രസ്തുത നീന്തൽക്കുളത്തിന് ച:മീറ്ററിന് 160/- രൂപ നിരക്കിൽ 3 ഇരട്ടി വസ്തുനികുതി ബാധകമാണ്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ ടി നീന്തൽക്കുളത്തിന്റെ തറവിസ്തീർണം ആയുർവേദ സുഖ ചികിത്സാ കേന്ദ്രത്തിന്റെ തറ വിസ്തീർണ്ണത്തിനോട് ചേർത്ത് അസസ്സ് ചെയ്ത് വസ്തുനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (20/ 09-11-2023) വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|
| അടിസ്ഥാന വസ്തു നികുതി | 208.65m$^2$ @160= 33,384/- |
| മേഖല (ദ്വിതീയം) 10% ഇളവ് | (-) 3,338/- |
| നികുതി | 30,046/- |
| ലൈബ്രറി സെസ് 5% | (+)1502/- |
| ആകെ | 31,548/- |
| നിയമാനുസൃതമല്ലാത്ത നിർമ്മാണത്തിന് 3 മടങ്ങ് | 94,644/- |

മേൽ സൂചിപ്പിച്ച റിസോർട്ടിൽ പുതുതായി നീന്തൽകുളം നിർമ്മിച്ച ശേഷം 14-11-2011 ലെ സ.ഉ(എം.എസ്)നം:20/2011/തസ്വഭവ ഉത്തരവ് ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കാത്തത് മൂലം 2022-23 വർഷം വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 94,644/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. റിസോർട്ടിൽ പുതുതായി നിർമ്മിച്ച നീന്തൽകുളത്തിന്റെ വസ്തുനികുതി ടി റിസോർട്ടിലെ പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/09-11-2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് 2022-23 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-13 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2022-23ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | തൃച്ചാറ്റുക്കളം-KUCS- A176(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 2 | തളിയാപ്പറമ്പ്-KUCS-A65(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 3 | പൂച്ചാക്കൽ-KUCS-A170(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 4 | വീരമംഗലം-KUCS-A249(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| | ആകെ | | 10,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ

പഞ്ചായത്തിന് 10,000/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകി നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:17, 08/11/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 പാണാവള്ളി ഗ്രാമപഞ്ചായത്ത് എഫ് എച്ച് സിയിൽ സോളാർ പാനൽ സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്ട് നം. S0002/23

നിർവഹണം : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ചെലവ് : 1375000/- (Vr.No. XVFC/2022-23/P/12 /14.12.2022)

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും (അടിസ്ഥാന വിഹിതം) 1375000രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 18KW സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഇൻവോയ്സ്/ഡിമാന്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ 1375000രൂപ ANERT ൽ ഡെപ്പോസിറ്റ് ചെയ്തു. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ANERT ൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം (ANERT-ALP/7/2022-DE(ALP) Dtd 14.09.2023) പ്രകാരം 1250212രൂപയാണ് പ്രോജക്ടിനായി ആകെ ചെലവഴിച്ചിട്ടുള്ളത്. 124788 രൂപ ANERT ന്റെ കൈവശം ശേഷിക്കുന്നു. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

2) ANERTന്റെ പ്രാരംഭ പഠനറിപ്പോർട്ട് പ്രകാരം 2022-23 സാമ്പത്തികവർഷം ഡെപ്പോസിറ്റ് വർക്കായി പൂർത്തീകരിക്കുന്ന പദ്ധതികൾക്ക് ഇൻസെന്റീവ് ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഇൻസെന്റീവ് ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് ( നം. 1/03.11.2023) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

3) പ്രാരംഭ പഠനറിപ്പോർട്ടിൽ പവർപ്ലാന്റിന്റെ പ്രതിഷ്ഠാപനത്തിനും കമ്മീഷനിംഗിനും ശേഷം കമ്മീഷനിംഗ് റിപ്പോർട്ട് അനർട്ടിന്റെ ജില്ലാ ഓഫീസിൽ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നിശ്ചിത മാനദണ്ഡപ്രകാരമാണ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തിയ ശേഷം കേന്ദ്രസഹായം അനുവദിക്കുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. കേന്ദ്രസഹായം ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

4) സോളാർപാനൽ പ്രവർത്തനക്ഷമമാണെന്നും ആയത് സ്ഥാപിച്ചശേഷം വൈദ്യുതചാർജ്ജിനത്തിൽ കുറവ് വന്നിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിച്ചിട്ടുണ്ട്. ഓഫ് ഗ്രിഡിൽ വൈദ്യുതി ലഭിക്കുന്നതിനായി ജില്ലാപഞ്ചായത്തിന്റെ 500000 രൂപയുടെ പ്രോജക്ടും എഫ് എച്ച് സി യിൽ ഇതേ വർഷം നടപ്പാക്കിയിട്ടുണ്ട്. രണ്ടു പ്രോജക്ടുകൾ നടപ്പാക്കിയ ഒരേ സമയം നടപ്പാക്കിയ സാഹചര്യത്തിൽ ഈ പ്രോജക്ട് ആവശ്യമാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-15 ജില്ലാ പഞ്ചായത്ത് എ ബി സി പ്രോഗ്രാമിന്റെ നടത്തിപ്പിനായി അധികം ചെലവഴിച്ച തുക രേഖകൾ പരിശോധിക്കാതെ വർഷങ്ങൾക്കുശേഷം ജില്ലാ പഞ്ചായത്തിന് തിരിച്ച് നൽകി

പ്രോജക്ടിന്റെ പേര് : ജില്ലാ പഞ്ചായത്ത് എ ബി സി പ്രോഗ്രാമിന്റെ നടത്തിപ്പിനായി അധികമായി അനുവദിച്ച തുക ജില്ലാ പഞ്ചായത്തിന് തിരിച്ച് നൽകൽ

പ്രോജക്ട് നം. S0211/23

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : 110100 (വികസനഫണ്ട്)

ചെലവ് : 110100 ബിൽ നം. 20/18.11.2022

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ എ ബി സി പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 2016-17 ൽ ജില്ലാപഞ്ചായത്തിൽ 200000രൂപ ഒടുക്കിയതായും ഇത് പ്രകാരം 2017-18 ൽ നായ ഒന്നിന് 1400 രൂപ പ്രകാരം മൃഗസംരക്ഷണവകുപ്പ് മുഖാന്തിരം 79 തെരുവ് നായ്ക്കളേയും തുടർന്ന് നായ ഒന്നിന് 2100 രൂപ പ്രകാരം കുടുംബശ്രീ മുഖാന്തിരം 95 തെരുവ്നായ്ക്കളേയും വന്ധ്യംകരണത്തിന് വിധേയമാക്കുകയും ആകെ 310100 രൂപ ജില്ലാപഞ്ചായത്ത് ചെലവഴിക്കുകയും ചെയ്തതായും ബാക്കി തുക ജില്ലാപഞ്ചായത്തിന്റെ ടി എസ് ബി അക്കൌണ്ടിൽ ഒടുക്കണമെന്നുമുള്ള ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2022ലെ ടി ആർ 2882/15 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. തുക നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 01.11.2022ലെ 1(5) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് 310100രൂപ ചെലവഴിച്ചത് മുൻകാല മെമ്പർമാർ മുഖാന്തിരം ഉറപ്പുവരുത്തിയിട്ടുള്ളതാണെന്നും പഞ്ചായത്തിന് ഉത്തമബോധ്യമുള്ളതാണെന്നും തീരുമാനത്തിൽ പറയുന്നു. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2022ലെ കത്തിൽ സൂചനയായി കാണിച്ചിട്ടുള്ള പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.07.2022ലെ എസ് സി 2-123/2022നം കത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) 2017-18വർഷം ചെയ്ത പ്രവർത്തനങ്ങൾക്ക് യഥാസമയം തുക ആവശ്യപ്പെടാതെ 5 വർഷങ്ങൾക്ക് ശേഷം തുക ആവശ്യപ്പെട്ടത് ക്രമപ്രകാരമല്ല.

3) ചെലവ് സംബന്ധമായ രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല. ചെലവ് നടന്നതായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) മൃഗസംരക്ഷണവകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് വകുപ്പിന്റെ ഫണ്ട് ലഭ്യമായിരുന്നോ എന്ന് വ്യക്തമല്ല.

5) മുമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതായോ മുൻവർഷങ്ങളിൽ തുക ഈ ഇനത്തിനായി ചെലവഴിച്ചിട്ടില്ല എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/07.11.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. 110100 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 എച്ച് എം നടപ്പാക്കിയ പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം - മധ്യ വേനലവധിക്കാലത്തും വേതനം നല്കി

എച്ച്. എം , ജി എൽ പി എസ് , തൃച്ചാറ്റുകുളം നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) പ്രോജക്റ്റ് നം . – എസ്0067/23

പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം (സ്പിൽ- ഓവർ)

| | |
|---|---|
| അടങ്കൽ | 1,93,500(തനത് ഫണ്ട് ) |
| ചെലവ് | 1,90,500 (ചെക്ക് നം. 5254736, തീയതി-17.05.2022, തുക- 63,500/-)<br>ചെക്ക് നം. 5254744, തീയതി-25.06.2022 , തുക- 1,27,000/-) |

ഗവ. എൽ പി എസ് തൃച്ചാറ്റുകുളം , ഗവ. എൽ പി എസ്. തളിയാപറമ്പ് , ഗവ. യു പി എസ് , ഓടംപ്പള്ളി എന്നീ സ്കൂളുകളിൽ പ്രീ – പ്രൈമറി ടീച്ചർ , ആയ എന്നീ തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി രൂപീകരിച്ച പ്രോജക്റ്റാണിത്. അറ്റൻറൻസ് രജിസ്റ്റർ പരിശോധിച്ചതിൽ , 04/21 , 05/21 എന്നീ മാസങ്ങളിൽ മധ്യ വേനലവധിക്കാലത്ത് സ്കൂളുകൾ പ്രവർത്തനരഹിതമായതിനാൽ ഹാജർ പുസ്തകം പ്രകാരം താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ സ്കൂളുകളിൽ ഹാജരായിട്ടില്ല . എന്നാൽ , ഈ മാസങ്ങളിൽ വേതനം നല്കുന്നതിനായി മേൽ പ്രോജക്റ്റിൽ നിന്നും 1,27,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം തുക ചെവവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 19 / 09.11.2023 ) പിന്നീട് ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 18.06.2022ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1/13ാം നമ്പർ തീരുമാന പ്രകാരമാണ് 04/2021, 05/2021 എന്നീ മാസങ്ങളിലെ വേതനം നല്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് ഫയലിൽ രേഖകളിൽ നിന്നും വ്യക്തമാണ്.

ബി) പ്രോജക്റ്റ് നം . – എസ്0169/23

പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം

| | |
|---|---|
| അടങ്കൽ | 8,85,000 (തനത് ഫണ്ട് ) |
| ചെലവ് - 8,04,000 | 1. ചെക്ക് നം. 5284760, തീയതി-11.08.2022, തുക- 268,000/-<br>2.ചെക്ക് നം. 5284763, തീയതി-02.09.2022, തുക- 67,000/-<br>3.ചെക്ക് നം. 5284768, തീയതി-10.10.2022, തുക- 67,000/-<br>4.ചെക്ക് നം. 5284779, തീയതി-07.11.2022, തുക- 67,000/-<br>5.ചെക്ക് നം. 5284790, തീയതി-05.12.2022, തുക- 67,000/-<br>6.ചെക്ക് നം. 9939901, തീയതി-10.01.2023, തുക- 67,000/-<br>7.ചെക്ക് നം. 9939912, തീയതി-12.03.2023, തുക- 67,000/-<br>8.ചെക്ക് നം. 9939917, തീയതി-06.03.2023, തുക- 67,000/-<br>9.ചെക്ക് നം. 055304 , തീയതി-30.03.2023, തുക- 67,000/- |

ഗവ. എൽ പി എസ്. തൃച്ചാറ്റുകുളം , ഗവ. എൽ പി എസ്. തളിയാപറമ്പ് , ഗവ. യു പി എസ് , ഓടംപ്പള്ളി എന്നീ സ്കൂളുകളിൽ പ്രീ – പ്രൈമറി ടീച്ചർ , ആയ എന്നീ തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി രൂപീകരിച്ച പ്രോജക്റ്റാണിത്. പ്രോജക്റ്റ് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ബിൽ , അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പ്രകാരം , ജി എൽ പി എസ് , തളിയാപറമ്പിലെ ആയ തസ്തികയിൽ ജോലി ചെയ്തിരുന്ന

ശ്രീമതി . അമ്പിളി .കെ , എന്നയാൾക്ക് 2021-22 വർഷം മുഴവൻ കാലയളവിലും ആയ ആയി പ്രവർത്തിച്ചതിന് 5500/-രൂപ നിരക്കിലാണ് വേതനം നല്കിയത്. 2022-23 വർഷം മുഴവൻ കാലയളവിൽ പ്രീ പ്രൈമറി ടീച്ചർ തസ്തികയിൽ ജോലി ചെയ്യുന്നതിനായുള്ള വേതനമാണ് (9000/-രൂപ നിരക്കിൽ) നല്കിയത്. 22.10.2022-ലെ കമ്മറ്റി തീരുമാനത്തിൽ (നം.1/5) ടി ജീവനക്കാരിയ്ക്ക് ടീച്ചറായി നിയമനം നല്കിയത് അംഗീകരിച്ചിട്ടുണ്ട് . എന്നാൽ, ടി സ്കൂളിലെ അറ്റൻഡൻസ് രജിസ്റ്ററിൽ ടിയാൾ 01.08.2022 മുതലാണ് ടീച്ചർ തസ്തികയിൽ ജോലി ചെയ്ത് വരുന്നതായി രേഖപ്പെടുത്തിയാണ് ഒപ്പിടുന്നത്. ടിയാൾ , 04/2022 , 05/2022 എന്നീ മാസങ്ങളിൽ സ്കൂളിൽ ഹാജരാകാതിരുന്നിട്ടും 06/2022 , 07/2022 എന്നീ മാസങ്ങളിൽ ഹാജർ പുസ്തകത്തിൽ ആയ ആയി രേഖപ്പെടുത്തി ജോലി ചെയ്തിരുന്നിട്ടും ഈ കാലയളവിൽ ടീച്ചറുടെ വേതനം നല്കിയിട്ടുണ്ട്. കൂടാതെ, ടിയാൾ 2022-23 വർഷത്തിലേയ്ക്ക് കരാർ പുതുക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19 / 09.11.2023) സ്കൂളിലെ ഹെഡ്മിസ്ട്രസ് രജിസ്റ്ററിൽ തസ്തിക രേഖപ്പെടുത്തിയപ്പോൾ തെറ്റിപോയതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല . ടീച്ചർ തസ്തികയിൽ പ്രവേശിച്ച തീയതിയായ 01.08.2022 മുതൽക്കാണ് 9000/- രൂപ നിരക്കിൽ വേതനം നല്കേണ്ടത് . ആകയാൽ , അധികം നല്കിയ 14000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

2.അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ , 04/22 , 05/22 എന്നീ മാസങ്ങളിൽ സ്കൂളുകൾ അവധിയായതിനാൽ കരാർ ജീവനക്കാർ സ്കൂളുകളിൽ ഹാജരായിട്ടില്ല . എന്നാൽ , ഈ മാസങ്ങളിൽ വേതനം നല്കുന്നതിനായി മേൽ പ്രോജക്റ്റിൽ നിന്നും 134000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം പണം നല്കിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല . മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19 / 09.11.2023) മറുപടി പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 18.06.2022ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1/13ാം തീരുമാന പ്രകാരമാണ് 04/2022, 05/2022 എന്നീ മാസങ്ങളിലെ വേതനം നല്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് ഫയലിൽ രേഖകളിൽ നിന്നും വ്യക്തമാണ്. ആകയാൽ , മേൽ പ്രോജക്റ്റുകൾ പ്രകാരം അധികം ചെലവഴിച്ച 268,000/- രൂപയുടെ ചെലവ് (127000 + 127000 + 14000) ഓഡിറ്റിൽ നിരാകരിക്കുന്നു. ആകെ നിരാകരിച്ച തുകയിൽ (268,000/-രൂപ) ഖണ്ഡിക എ) പ്രകാരമുള്ള നഷ്ടത്തിന്റേയും ഖണ്ഡിക ബി) പ്രകാരമുള്ള നഷ്ടത്തുകയിൽ (141000/-രൂപ ) 14000/-രൂപ ഒഴികെയുള്ള തുകയും (127000/-രൂപ) ചേർത്ത് 2,54,000/- രൂപയുടെ പൂർണ്ണ ഉത്തരവാദിത്തം 18.06.2022ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത കമ്മറ്റിയംഗങ്ങൾക്കും ടി കാലയളവിലെ നിർവഹണോദ്യോഗസ്ഥർക്കും ഖണ്ഡിക ബി) 1 - ലെ നഷ്ടത്തുകയായ 14000/- രൂപയുടെ പൂർണ്ണ ഉത്തരവാദിത്തം നിർവഹണോദ്യോഗസ്ഥയ്ക്ക് മാത്രമായിരിക്കുന്നതാണ്. വിശദവിവരത്തിന് ഖണ്ഡിക നം. 4- 9 കാണുക.

1-17 തൊഴിലുറപ്പ് പദ്ധതിയിൽ 80mm Thick CC Paver Block പാകുന്നതിനായി അധിക നിരക്ക് അനുവദിക്കുന്നു.

80mm Thick CC Paver Block പാകുന്നതിനായി 1m2 ന് 624.87/m2 ഉം കോസ്റ്റ് ഇൻഡക്സ് 48.71 ശതമാനവും ഉൾപ്പെടെ 929.24/m2 ആണ് പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം അനുവദിക്കാവുന്ന നിരക്ക്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ടൈൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി 80mm Thick CC Paver Block പാകുന്നതിനായി 1m2 ന് 1306.15 എന്ന നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/FTO No./കരാറുകാരൻ | എം. ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ- (M2) | 1306.15/$m^2$ നിരക്കിൽ കണക്കാക്കിയ തുക | LSGD വിഭാഗം മുഖേന നിർവ്വഹിക്കുമായിരുന്നുവെങ്കിൽ അനുവദിക്കുമായിരുന്ന തുക ( 929.24/m2 ) (പഞ്ചായത്തിൽനിന്നും ലഭ്യമാക്കിയ നിരക്ക്) | വ്യത്യാസം (സെക്യൂർ സോഫ്റ്റ് വെയറിലെ നിരക്കും LSGD നിരക്കും തമ്മിലുള്ള വ്യത്യാസം) |
|---|---|---|---|---|---|---|
| 1 | മുഹിയിദ്ദീൻ പുത്തൻപള്ളി കുന്നേൽ ഇന്റർലോക്ക് റോഡ് വാർഡ് 10 RC/320271 എസ് അനന്ദപൈ 1654/ | 161/21-22 | 292.387m2 | 381901.28 | 271698 | 110203.28 |

| | | | | | | |
|---|---|---|---|---|---|---|
| | 18.08.2022 | | | | | |
| 2 | പുതുശ്ശേരി വശ്യംപറമ്പ് റോഡ് ഇന്റർലോക്കിംഗ് RC/320285 16630/ 19.08.2022 എസ് അനന്ദപൈ | 230/21-22 | 269.996 | 352655 | 250891 | 101764 |
| 3 | അടയത്ത് റോഡ് ഇന്റർലോക്കിംഗ് വാർഡ്8 ഘട്ടം2 RC/304261 16291, 16315/13.07.2022 അഭിനോവ് ആൻഡ്രൂസ് | 108/21-22 | 351m2 | 458458.65 | 326163 | 132295.65 |
| 4 | കിഴക്കെവെളി കെ.വി പാലം ഇന്റർലോക്ക് വാർഡ് 2 RC/302348 16161/ 19.12.2022 പ്രവീൺകുമാർ | നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 231.306 | 302120.33 | 214939 | 87181 |
| 5 | കളരിക്കൽവെളി വാലെവെളി റോഡ് ഘട്ടം 2 വാർഡ് 7 RC/307868 16859/ 23.08.2022 റ്റി. ജെ. ജോബ് | 188/2021-22 | 275.400 | 359713.71 | 255913 | 103800 |
| 6 | കടിയിരിക്കൽ നടപ്പാത ഇന്റർലോക്കിംഗ് വാർഡ് 2 RC/296711 16162/19.12.2022 പ്രവീൺകുമാർ | നമ്പർ രേഖപ്പെടുത്തിയിട്ടില്ല | 142.368 | 185953.96 | 132294 | 53659 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 13.03.2023 ലെ OMB/ALP/AW/38/2023 ഉത്തരവിൽ Interlocking And C C Paver Block ന് മാർക്കറ്റ് റേറ്റിനേക്കാൾ കൂടുതൽ വില നൽകിയതുമൂലം സർക്കാരിന് കോടികളുടെ സാമ്പത്തിക നഷ്ടം ഉണ്ടായതായി പരാമർശിച്ചിട്ടുണ്ട്. വിഷയത്തിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 മാലിന്യനിർമ്മാർജ്ജനം - സി സി റ്റി വി സ്ഥാപിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം. S0138/23

വികസനഫണ്ട് : 309620

ചെലവ് : 309620/- 16/03.11.2022

ഗ്രാമ പഞ്ചായത്തിലെ 16-ാം വാർഡ് എസ് വളവ് പായിപ്പാട് പ്രദേശം, 12-ാം വാർഡ് പി എം സി കാരിച്ചിറ കലുങ്ക് എന്നീ പ്രദേശങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിന് സി സി റ്റി വി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. വ്യാപാര സ്ഥാപനങ്ങളുടെയും പ്രദേശവാസികളുടെയും സഹകരണം ഉറപ്പാക്കി മോണിറ്ററിംഗിന് പോലീസ് സ്റ്റേഷനെ കൂടി ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021 ൽ നടന്ന യോഗത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച്, നിക്ഷേപപ്രവൃത്തിയായി നടത്തുന്നതിന് പൊതുമരാമത്ത് ഇലക്ട്രോണിക് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 709620 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. പ്രവൃത്തിക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 400000രൂപ വകയിരുത്തി S0188/22 നം പ്രോജക്ട് തയ്യാറാക്കുകയും വൌച്ചർ നം. XVFC/2021-22/P/55 തീയതി. 27.03.2022 പ്രകാരം 400000രൂപയും 2022-23 വർഷം 309620രൂപയും പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പോലീസ് സ്റ്റേഷൻ ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തുകയോ മോണിറ്ററിംഗിന് പോലീസ് സ്റേഷനെ ചുമതലപ്പെടുത്തുകയോ ചെയ്തതിന് രേഖയില്ല.

2) ഈ പ്രോജക്ട് നടപ്പിലാക്കിയതുവഴി മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തതിന് രേഖയില്ല.

3) പഞ്ചായത്തിൽ നിന്നും മോണിറ്ററിംഗിനായി ചുമതലപ്പെടുത്തിയവരെ സംബന്ധിച്ച വിശദാംശം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/08.11.2023) സെക്രട്ടറി മാസത്തിലൊരിക്കൽ പരിശോധന നടത്താറുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

4) ഓഡിറ്റ് ടീം ക്യാമറ സ്ഥാപിച്ച സ്ഥലങ്ങളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ സ്ഥിരമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലങ്ങളിലല്ല ക്യാമറ സ്ഥാപിച്ചിട്ടുള്ളതെന്ന് കാണുന്നു. സ്ഥലങ്ങൾ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനം വിശദമാക്കുവാൻ ആവശ്യപ്പെട്ടതിൽ പഞ്ചായത്ത് ഭരണസമിതിയാണ് ക്യാമറ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ തീരുമാനിച്ചതെന്നും ക്യാമറ സ്ഥാപിച്ചതിനുശേഷമാണ് മാലിന്യനിക്ഷേപം കുറഞ്ഞതെന്നും അറിയിച്ചിട്ടുണ്ട്.

5) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മാലിന്യനിർമ്മാർജ്ജനത്തിനുതകുന്ന രീതിയിൽ സി സി റ്റി വി ക്യാമറ യുടെ പ്രവർത്തനവും മോണിറ്ററിംഗും കാര്യക്ഷമമാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-19 സാന്ത്വന പരിചരണം - വിനോദയാത്ര സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി

നിർവ്വഹണം :-മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി

പ്രോജക്റ്റ് നം . – എസ്0018/23

സാന്ത്വന പരിചരണം

അടങ്കൽ – 7,86,860/-(വികസന ഫണ്ട് -ജനറൽ)

1,40,000/-(തനത് ഫണ്ട് )

1,60,000/-(ജില്ലാ പഞ്ചായത്ത് വിഹിതം )

65,714/- (റോഡിതരം)

ആകെ- 11,52,574/-

ചെലവ് - 7,57,971/-(വികസന ഫണ്ട് -ജനറൽ)

71,229/-(തനത് ഫണ്ട് )

60,000/-(ജില്ലാ പഞ്ചായത്ത് വിഹിതം )

55,131/- (റോഡിതരം)

ആകെ- 9,44,331/-

മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി നിർവഹണം നടത്തിയ സാന്ത്വന പരിചരണം പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ , ട്രഷറി ബിൽ നം. 18 /24.01.2023 തുക – 32,250/- , 20 /30.01.2023 തുക- 11000/- എന്നിവ പ്രകാരം ആകെ 43,250/- രൂപ കിടപ്പ് രോഗികളെ (47പേർ) ഹൌസ് ബോട്ടിൽ യാത്ര ചെയ്യിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് വാഹനം ഓടിക്കുന്ന ഡ്രൈവറായ ശ്രീ . റഹീമിന് കിടപ്പ് രോഗികളേയും കൂട്ടിരിപ്പുകാരേയും വീട്ടിൽ നിന്നും എഫ് എച്ച് സി ,പാണാവള്ളിയിൽ എത്തിക്കുകയും മടക്കിയെത്തിക്കുകയും ചെയ്യുന്നതിനായി 1700/- രൂപ , ശ്രീ . പ്രജിത്ത് റ്റി എച്ച് , ഗ്രീൻ കേരള ട്രാവൽസ് എന്നയാൾക്ക് ഇവരെ എഫ് എച്ച് സി -ൽ നിന്നും ആലപ്പുഴയിൽ എത്തിക്കുന്നതിനും മടക്കിയെത്തിക്കുന്നതിനുമായി 11,000/-രൂപ , ശ്രീ . ബിസി ജോസഫ്, ഹൌസ് ബോട്ടുടമ -30550/- രൂപ എന്നിവരുക്കൌണ്ടിലേയ്ക്ക് തുകകൾ നല്കിയിട്ടുണ്ട് . ഇപ്രകാരം തുക ചെലവഴിച്ചത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം . 21 / തീയതി - 09.11.2023 ) പാലിയേറ്റീവ് കെയർ പുതുക്കിയ മാർഗരേഖ ( സ . ഉ. (സാധാ ) നം. 3217 / 2015/ തസ്വഭവ , തീയതി – 29.10.2015 ) പ്രകാരം രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഹോം കെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടേയും വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണെന്നും ആയതിൻ പ്രകാരമാണ് ഇത്തരത്തിൽ ഒരു യാത്ര നടത്തിയത് എന്നുമാണ് . എന്നാൽ, മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവിൽ , ഖണ്ഡിക 2 . 6 . 13 – ൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണെന്നും അതിന്റെ ഭാഗമായി രോഗികളുടേയും കുടുംബങ്ങളുടേയും ഹോം കെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടേയും വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണെന്നും സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണെന്നും ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിലേയ്ക്കായി പരമാവധി 60/-രൂപ വീതം ചെലവഴിക്കാവുന്നതാണെന്നും കുടുംബ സംഗമ നടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാമെന്നും കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിധേയമായി പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-20 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായനികുതി, ജി എസ് റ്റി എന്നിവ ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി പത്രപരസ്യം ചെയ്ത് ടെൻഡർ ക്ഷണിക്കുകയും ലഭിച്ച ടെൻഡറുകളിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സ്വയം സംരഭക ഗ്രൂപ്പായ ഫ്രണ്ട്സ് കൺസ്ട്രക്ഷൻ ഗ്രൂപ്പിന്റെ ടെൻഡർ പഞ്ചായത്ത് കമ്മറ്റിയുടെ 29.20.2021ലെ 9(2) തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ടെൻഡർ പ്രകാരം പൊതു ആസ്തിയുടെ ബോർഡ് 5x4 അടി 3500 രൂപയും വ്യക്തിഗത ബോർഡ് 2x3 അടി 2900 രൂപയുമാണ്.

2022-23 സാമ്പത്തിക വർഷം ഫ്രണ്ട്സ് കൺസ്ട്രക്ഷൻ ഗ്രൂപ്പിന് നൽകിയ ആകെ തുകയുടെ വിശദാംശവും സ്ഥാപനത്തിൽ നിന്നും ആദായനികുതി, ജി എസ് റ്റി എന്നിവ ഈടാക്കിയത് സംബന്ധിച്ചും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/08.11.2023) 410400 രൂപ ഗ്രൂപ്പിന് നൽകിയിട്ടുണ്ടെന്നും ആദായനികുതി, ജി എസ് ടി എന്നിവ ഈടാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച്, സ്ഥാപനത്തിൽ നിന്നും 8208 രൂപ ജി എസ് റ്റി ഈടാക്കേണ്ടതായിരുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സപ്ലൈ ചെയ്ത ഗ്രൂപ്പിന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി 8208 രൂപ കുറവ് ചെയ്തിട്ടില്ല. ആദായനികുതിയിനത്തിൽ 8208 രൂപയും ജി എസ് റ്റി ഇനത്തിൽ 8208 രൂപയും സ്ഥാപനത്തിൽനിന്നും ഈടാക്കേണ്ടതാണ്.

1-21 ടാർവീപ്പയുടെ വില കുറവ് ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികളിൽ, ടാർ വീപ്പയുടെ വിലയിനത്തിൽ ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടുള്ള ജി എസ് റ്റി ഉൾപ്പെടെയുള്ള തുക സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടാർ വീപ്പയുടെ വില, ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ് (ജി.ഒ.(പി)177/06/ഫിൻ തീയതി. 12-04-06 ഉത്തരവ് ഖണ്ഡിക 10.3 ലെ വ്യവസ്ഥ പ്രകാരം). എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/08.11.2023) തുക സെക്രട്ടറിയുടെ തനതുഫണ്ടിലേക്ക് അടവാക്കി എന്നുമാത്രമാണ് മറുപടി

നൽകിയിട്ടുള്ളത്. കാലി വീപ്പയുടെ വിലയും ജി എസ് റ്റി തുകയും ബന്ധപ്പെട്ട ഹെഡ്ഡുകളിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഈടാക്കിയ ടാർ വീപ്പയുടെ വില @281 | ഫണ്ട് ഇനം | ചെലവ് വിവരം |
|---|---|---|---|---|
| 1 | പൊറ്റേത്തറ കോളനി റോഡ് റീ ടാറിംഗ് വാർഡ് 12<br>S0071/23 | 4720 | വികസനഫണ്ട് എസ് സി പി | 373413/-<br>1/20.05.2022 |
| 2 | ബാപ്പുജി ഇലഞ്ഞിക്കൽ റോഡ് പുനരുദ്ധാരണം വാർഡ് 15<br>S0104/23 | 1180 | മെയിന്റനൻസ് ഫണ്ട് റോഡ് | 244769/-<br>12/30.03.2023 |
| 3 | പൂച്ചാക്കൽ പൊറ്റേത്തറ റോഡ് പുനരുദ്ധാരണം S0085/23 | 3540 | മെയിന്റനൻസ് ഫണ്ട് റോഡ്<br>തനതുഫണ്ട് | 251841/-<br>469/29.03.2023<br>148159/- തനതുഫണ്ട്<br>VrNo. 2220318/ 31.03.2023 |
| 4 | കന്നുപറമ്പ് കരാളപതി റോഡ് പുനരുദ്ധാരണം വാർഡ് 16<br>S0087/23 | 1475 | മെയിന്റനൻസ് ഫണ്ട് റോഡ്<br>തനതുഫണ്ട് | 286000/-<br>10/30.03.2023<br>1259/- തനതുഫണ്ട്<br>Vr. No. 22201279/<br>30.03.2023 |
| ആകെ | | 10915 | | |

## 1-22 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
ചെലവ് : 21600 ( Vr. No. 22201203/17.03.2023, Ch No. 9939918/14.03.2023)
പാണാവള്ളി ഗ്രാമപഞ്ചായത്തിലെ റോഡുകൾ മാപ്പ് ചെയ്യുന്നതിന് ആർ ട്രാക്ക് മൊബൈൽ ആപ്ലിക്കേഷൻ (പ്രോജക്ട് നം. S0219/23) എന്ന പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 54000 രൂപ വകയിരുത്തിയിരുന്നു. ആർ ട്രാക്ക് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി വിഷ്ണു കെ.പി, ഭാർഗവി ഭവൻ, ബാലരാമപുരം എന്നയാളുമായി കരാറിലേർപ്പെടുകയും മസ്റ്റർ റോൾ പ്രകാരം 2022 ജൂലൈ മാസത്തേക്ക് 21600 രൂപ (600 രൂപ പ്രകാരം രണ്ടുപേർക്കായി) നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/08.11.2023) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 21600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

എ) നിർവഹണം : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

2022-23 വർഷം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം./പേര് | നിക്ഷേപിച്ച തുക | ചെലവിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|
| 1 | S0206/23<br>വാർഡ് 15 പൊയ്കാട്ട് ഗിരിജൻ കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 148137 | XVFC/2022-23 /P/13/ 14.12.2022 | - |
| 2 | S0249/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 740603 | 90872/- XVFC/2022-23 /P/24/ 24.02.2023 | വാർഡ് 16,17, എസ് വളവ് & പായിപ്പാട് പ്രദേശം |
| | | | 610344/- | വാർഡ് 8 അഞ്ചുതുരുത്ത് |

| | | | | |
|---|---|---|---|---|
| | | | Sanction Order No. 427/ 25.03.2023 | കൊച്ചുകരി (329857/-), വീരമംഗലം - നാല്പത്തെണ്ണീശ്വരം വാർഡ് 17(120997/-), ചാണിയിൽ റോഡ് വാർഡ് 4 (116277/-), പി ശേഖർ റോഡ്, മുട്ടത്ത്കടവ് ലക്ഷംവീട് വാർഡ് 18 (43213/-) |
| | | | 39387/- Vr. 22201262/ 28.03.2023 Ch No.2134261/ 27.03.2023 | പി ശേഖർ റോഡ്, മുട്ടത്ത്കടവ് ലക്ഷംവീട് വാർഡ് 18 |
| 3 | S0038/23 11-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 82718 | Vr.No. 22200405/ 31.08.2022 Ch No. 5284743/ 23.06.2022 | പണിക്കശ്ശേരിൽ പൂച്ചാക്കൽ ജെട്ടി റോഡ് |
| 4 | S0036/23 10-ാം വാർഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 395713 | Vr.No. 22200340/ 30.07.2022 Ch No. 5284743/ 23.06.2022 | കൈത്തറി ജംഗ്ഷൻ- ചാപ്രക്കടവ്- ആലുംമാവുങ്കൽ റോഡ്, മദ്രസ- കൊട്ടടി റോഡ് |
| 5 | S0037/23 വാർഡ് 9 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 337917 | Vr No. 22200329/ 23.07.2022 Ch No. 5284743/ 23.06.2022 | കുഞ്ചരം കുറ്റിക്കര റോഡിൽ കൊട്ടടി അമ്മൻകോവിൽ മുതൽകിഴക്കോട്ട് കളപ്പുരയ്ക്കൽ ഭാഗത്തുള്ള ട്രാൻസ്ഫോർമർ വരെ |
| | ആകെ | 1705088 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/03.11.2023) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ബി)അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്റ്റ് ( നം. 44/23) പ്രകാരം 72,240/-രൂപ കെ എസ് ഇ ബി - യിൽ ഒടുക്കിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ വിവരം ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാകുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 12, തീയതി - 08.11.2023 ) മറുപടി ലഭ്യമാക്കിയില്ല.
ചെലവ് രേഖകൾ ഹാജരാക്കാതിരുന്നതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരം ആകെ 17,77,328/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ (എസ്.ഒ 016/23) സർക്കാർ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി പി.എഫ്-241/ തീയതി:13/09/2022, എന്ന ഇൻവോയ്സ് പ്രകാരം 3,00,000/- രൂപ ഹോംകൊ, ആലപ്പുഴ എന്ന സ്ഥാപനത്തിലേക്ക് അക്കൗണ്ട് ട്രാൻഫർ വഴി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 016/23 |
| പ്രോജക്ട് | സർക്കാർ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000/-<br>(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ഇൻവോയ്സ് നമ്പർ | പി.എഫ് -241 / തീയതി 13/09/2022 |
| ചെലവ് | ബിൽ തുക: 3,00,000/-<br>ട്രഷറി ബിൽ നമ്പർ: 01/2022-23<br>തീയതി: 22-09-2022 |

മേൽ സൂചിപ്പിച്ച ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ, എന്ന പദ്ധതിക്കായി ചെലവഴിച്ച 3,00,000/-രൂപയിൽ 1,87,948/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ, ബാക്കി 1,12,052/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:07/07-11-2023) മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ സ്റ്റാൻന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-25 ഓഡിറ്റ് ഇംപാക്റ്റ് - അനുപൂരക പോഷകാഹാര പദ്ധതി സ്റ്റോക്കിലെടുക്കാത്ത അംഗന ന്യൂട്രിമിക്സിന്റെ വില ഒടുക്കി

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര പദ്ധതി (പ്രോജക്റ്റ് നം.-15/23) പ്രകാരം ഐശ്വര്യ അമൃതം ഫുഡ് സപ്ലിമെന്റ്, കുത്തിയതോട് എന്ന സ്ഥാപനത്തിന്റെ 22.12.2022-ലെ 142ാം ബിൽ പ്രകാരം 864 കി. ഗ്രാം അംഗന ന്യൂട്രിമിക്സ് 90 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ/വിതരണ രജിസ്റ്റർ പ്രകാരം 852 കി ഗ്രാം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ഈ വിവരം ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (നം. 11/തീയതി - 08.11.2023) നല്കിയതിനെത്തുടർന്ന് വിതരണം ചെയ്യാത്ത സാധനത്തിന്റെ വിലയായ 1080/- രൂപ ട്രഷറിയിൽ ഒടുക്കി ചലാന്റെ ( ചലാൻ നം. - KL024330812202324 M തീയതി -10.11.2023) പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കി.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | തുച്ചാറ്റുക്കളം-KUCS- A176(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 2 | തളിയാപ്പറമ്പ്-KUCS-A65(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 3 | പൂച്ചാക്കൽ-KUCS-A170(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 4 | വീരമംഗലം-KUCS-A249(D)-APCOS | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| | ആകെ | | 10,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ

പഞ്ചായത്തിന് 10,000/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകി നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:17, 08/11/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചതിൽ 8ാം വാർഡിൽ 8/427, 8/427-A, 8/436 എന്നീ കെട്ടിട നമ്പറുകളുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന ഗ്രാന്റ് ആയുർ ഐലന്റ് എന്ന ആയുർവേദ റിസോർട്ടിലെ 250 $M^2$ വീതം തറ വിസ്തീർണ്ണമുള്ള 8/427-A, 8/436 എന്നീ കെട്ടിടങ്ങൾക്ക് റിസോർട്ട് എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട 90/- രൂപ നിരക്കിന് പകരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഈടാക്കുന്ന ച:മീറ്ററിന് 40/- രൂപ എന്ന കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ആണ് ഈടാക്കുന്നത്. ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ഇത് കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. പ്രസ്തുത കെട്ടിടങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ 3 ഇരട്ടി നികുതി ബാധകമാണ്. ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി അസസ്സ് ചെയ്ത് ഈടാക്കിയത് മൂലം പഞ്ചായത്തിന് 58,722/- രൂപ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | | വസ്തുനികുതി നിർണ യിക്കേണ്ടത് | | ആകെ ഈടാ ക്കേണ്ട വസ്തു നികുതി | ആകെ ഈടാ ക്കിയ വസ്തുനികുതി | അധിക മായി ഈടാ ക്കേണ്ട വസ്തു നികുതി |
|---|---|---|---|---|---|---|---|
| | 8/427-A | 8/436 | 8/427-A | 8/436 | | | |
| അടി സ്ഥാന വസ്തു നികുതി | 250m²@40 =10000 | 250m²@40 =10000 | 250m²@90 = 22500 | 250m²@90 = 22500 | | | |
| മേഖല (ദ്വിതീയം) 10% ഇളവ | (-)1000 | (-)1000 | (-)2250 | (-)2250 | | | |
| നികുതി | 9000/- | 9000/- | 20250 | 20250 | | | |
| ലൈബ്രറി സെസ് 5% | (+) 450 | (+) 450 | 1013 | 1013 | | | |
| ആകെ | 9450 | 9450/- | 19237/ | 19237/ | 38,474/- | 18,900/- | 19,574/- |
| അനധികൃത നിർമ്മാണത്തിന് 3 മടങ്ങ് | 28,350 | 28,350 | 57,711/- | 57,711/- | 1,15,422/- | 56,700/- | 58,722/- |

മേൽ സൂചിപ്പിച്ച നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:06/ 07-11-2023) ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് അധികമായി ഇടാക്കേണ്ട തുകയായ 58,722/- രൂപ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 റിസോർട്ടിലെ നീന്തൽക്കുളത്തിന്റെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല

സ.ഉ(എം.എസ്)നം:20/2011/തസ്വഭവ തീയതി 14-11-2011, ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിയ്ക്കുന്നു എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിയ്ക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്. ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോടു ചേർന്ന് നിർമ്മിച്ചതെങ്കിൽ ആ കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ 8ാം വാർഡിൽ പ്രവർത്തിയ്ക്കുന്ന ഗ്രാന്റ് ആയുർ ഐലൻഡ് ആയുർവേദ റിസോർട്ടിന്റെ വെബ്സൈറ്റിൽ സ്വിമ്മിംഗ് പൂൾ സൗകര്യം ലഭ്യമാണെന്ന് പരസ്യം ചെയ്തിട്ടുണ്ട്. ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച്(നം:05/07-11-2023) സ്ഥല പരിശോധന നടത്തി

നീന്തൽക്കുളത്തിന്റെ തറവിസ്തീർണം 208.65 ച:മീറ്റർ ആണെന്ന പഞ്ചായത്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സഞ്ചയ ഡാറ്റാ ബേസ് പ്രകാരം ച:മീറ്ററിന് 160/- രൂപ നിരക്കിൽ 3 ഇരട്ടി വസ്തുനികുതി ഈടാക്കുന്ന റിസോർട്ടിലെ ആയുർവേദ സുഖ ചികിത്സാ കേന്ദ്രം പ്രവർത്തിക്കുന്ന നിയമാനുസൃതമല്ലാത്ത (കെട്ടിട നം:8/427) കെട്ടിടത്തിനോട് ചേർന്ന് നിർമ്മിച്ച നീന്തൽക്കുളം നിയമാനുസൃതമല്ലാത്ത നിർമ്മിതിയാണെന്ന് പഞ്ചായത്ത് ലഭ്യമാക്കിയ മേൽ സൂചിപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA പ്രകാരം പ്രസ്തുത നീന്തൽക്കുളത്തിന് ച:മീറ്ററിന് 160/- രൂപ നിരക്കിൽ 3 ഇരട്ടി വസ്തുനികുതി ബാധകമാണ്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ ടി നീന്തൽക്കുളത്തിന്റെ തറവിസ്തീർണം ആയുർവേദ സുഖ ചികിത്സാ കേന്ദ്രത്തിന്റെ തറ വിസ്തീർണ്ണത്തിനോട് ചേർത്ത് അസസ്സ് ചെയ്ത് വസ്തുനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (20/ 09-11-2023) വസ്തുനികുതി നിർണ്ണയത്തിന് ശേഷം പുതുതായി നീന്തൽകുളം നിർമ്മിച്ച വിവരം ടി സ്ഥാപനം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ തുടർന്ന് നടത്തിയ സ്ഥല പരിശോധനയിലാണ് നീന്തൽകുളം നിർമ്മിച്ച വിവരം പഞ്ചായത്തിന് ബോധ്യപ്പെട്ടതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നീന്തൽക്കുളത്തിന് ഇടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നീന്തൽക്കുളത്തിന് അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|
| അടിസ്ഥാന വസ്തു നികുതി | $208.65m^2$ @160= 33,384/- |
| മേഖല (ദ്വിതീയം) 10% ഇളവ് | (-) 3,338/- |
| നികുതി | 30,046/- |
| ലൈബ്രറി സെസ് 5% | (+)1502/- |
| ആകെ | 31,548/- |
| നിയമാനുസൃതമല്ലാത്ത നിർമ്മാണത്തിന് 3 മടങ്ങ് | 94,644/- |

മേൽ സൂചിപ്പിച്ച റിസോർട്ടിൽ പുതുതായി നീന്തൽകുളം നിർമ്മിച്ച ശേഷം 14-11-2011 ലെ സ.ഉ(എം.എസ്)നം:20/2011/തസ്വഭവ ഉത്തരവ് ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കാത്തത് മൂലം 2022-23 വർഷം വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന്റെ വരുമാനത്തിൽ 94,644/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. റിസോർട്ടിൽ പുതുതായി നിർമ്മിച്ച നീന്തൽകുളത്തിന്റെ വസ്തുനികുതി ടി റിസോർട്ടിലെ പ്രധാന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/09-11-2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് 2022-23 ലെ വസ്തുനികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എച്ച് എം നടപ്പാക്കിയ പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം - മധ്യ വേനലവധിക്കാലത്തും വേതനം നല്കി

എച്ച്. എം , ജി എൽ പി എസ് , തൃച്ചാറ്റുകുളം നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) പ്രോജക്റ്റ് നം . – എസ്0067/23

പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം (സ്പിൽ- ഓവർ)

അടങ്കൽ – 1,93,500(തനത് ഫണ്ട് )

ചെലവ് - 1,90,500 (ചെക്ക് നം. 5254736, തീയതി-17.05.2022, തുക- 63,500/-)

ചെക്ക് നം. 5254744, തീയതി-25.06.2022 , തുക- 1,27,000/-)

ഗവ. എൽ പി എസ് തൃച്ചാറ്റുകുളം , ഗവ. എൽ പി എസ്. തളിയാപറമ്പ് , ഗവ. യു പി എസ് , ഓടംപള്ളി എന്നീ സ്കൂളുകളിൽ പ്രീ – പ്രൈമറി ടീച്ചർ , ആയ എന്നീ തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി രൂപീകരിച്ച പ്രോജക്റ്റാണിത്. അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ , 04/21 , 05/21 എന്നീ മാസങ്ങളിൽ മധ്യ വേനലവധിക്കാലത്ത് സ്കൂളുകൾ പ്രവർത്തനരഹിതമായതിനാൽ ഹാജർ പുസ്തകം പ്രകാരം താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ സ്കൂളുകളിൽ ഹാജരായിട്ടില്ല . എന്നാൽ , ഈ മാസങ്ങളിൽ വേതനം നല്കുന്നതിനായി മേൽ പ്രോജക്റ്റിൽ നിന്നും 1,27,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം തുക ചെവവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 19 / 09.11.2023 ) പിന്നീട് ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 18.06.2022ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1/13ാം നമ്പർ തീരുമാന പ്രകാരമാണ് 04/2021, 05/2021 എന്നീ മാസങ്ങളിലെ വേതനം നല്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് ഫയലിൽ രേഖകളിൽ നിന്നും വ്യക്തമാണ്.

ബി) പ്രോജക്റ്റ് നം . – എസ്0169/23
പ്രീ – പ്രൈമറി ജീവനക്കാരുടെ വേതനം
അടങ്കൽ – 8,85,000 (തനത് ഫണ്ട് )
ചെലവ് - 8,04,000(1. ചെക്ക് നം. 5284760, തീയതി-11.08.2022, തുക- 268,000/-
2.ചെക്ക് നം. 5284763, തീയതി-02.09.2022, തുക- 67,000/-
3.ചെക്ക് നം. 5284768, തീയതി-10.10.2022, തുക- 67,000/-
4.ചെക്ക് നം. 5284779, തീയതി-07.11.2022, തുക- 67,000/-
5.ചെക്ക് നം. 5284790, തീയതി-05.12.2022, തുക- 67,000/-
6.ചെക്ക് നം. 9939901, തീയതി-10.01.2023, തുക- 67,000/-
7.ചെക്ക് നം. 9939912, തീയതി-12.03.2023, തുക- 67,000/-
8.ചെക്ക് നം. 9939917, തീയതി-06.03.2023, തുക- 67,000/-
9.ചെക്ക് നം. 055304 , തീയതി-30.03.2023, തുക- 67,000/-

ഗവ. എൽ പി എസ്. തൃച്ചാറ്റുകുളം , ഗവ. എൽ പി എസ്. തളിയാപറമ്പ് , ഗവ. യു പി എസ് , ഓടംപ്പള്ളി എന്നീ സ്കൂളുകളിൽ പ്രീ – പ്രൈമറി ടീച്ചർ , ആയ എന്നീ തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി രൂപീകരിച്ച പ്രോജക്റ്റാണിത്. പ്രോജക്റ്റ് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ബിൽ , അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പ്രകാരം , ജി എൽ പി എസ് , തളിയാപറമ്പിലെ ആയ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി . അമ്പിളി .കെ , എന്നയാൾക്ക് 2021-22 വർഷം മുഴുവൻ കാലയളവിലും ആയ ആയി പ്രവർത്തിച്ചതിന് 5500/-രൂപ നിരക്കിലാണ് വേതനം നല്കിയത്. 2022-23 വർഷം മുഴുവൻ കാലയളവിൽ പ്രീ പ്രൈമറി ടീച്ചർ തസ്തികയിൽ ജോലി ചെയ്യുന്നതിനായുള്ള വേതനമാണ് (9000/-രൂപ നിരക്കിൽ) നല്കിയത്. 22.10.2022-ലെ കമ്മറ്റി തീരുമാനത്തിൽ (നം.1/5) ടി ജീവനക്കാരിയ്ക്ക് ടീച്ചറായി നിയമനം നല്കിയത് അംഗീകരിച്ചിട്ടുണ്ട് . എന്നാൽ, ടി സ്കൂളിലെ അറ്റൻൻസ് രജിസ്റ്ററിൽ ടിയാൾ 01.08.2022 മുതലാണ് ടീച്ചർ തസ്തികയിൽ ജോലി ചെയ്ത് വരുന്നതായി രേഖപ്പെടുത്തിയാണ് ഒപ്പിട്ടുന്നത്. ടിയാൾ , 04/2022 , 05/2022 എന്നീ മാസങ്ങളിൽ സ്കൂളിൽ ഹാജരാകാതിരുന്നിട്ടും 06/2022 , 07/2022 എന്നീ മാസങ്ങളിൽ ഹാജർ പുസ്തകത്തിൽ ആയ ആയി രേഖപ്പെടുത്തി ജോലി ചെയ്തിരുന്നിട്ടും ഈ കാലയളവിൽ ടീച്ചറുടെ വേതനം നല്കിയിട്ടുണ്ട്. കൂടാതെ, ടിയാൾ 2022-23 വർഷത്തിലേയ്ക്ക് കരാർ പുതുക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19 / 09.11.2023) സ്കൂളിലെ ഹെഡ്മിസ്ട്രസ് രജിസ്റ്ററിൽ തസ്തിക രേഖപ്പെടുത്തിയപ്പോൾ തെറ്റിപോയതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല . ടീച്ചർ തസ്തികയിൽ പ്രവേശിച്ച തീയതിയായ 01.08.2022 മുതൽക്കാണ് 9000/- രൂപ നിരക്കിൽ വേതനം നല്കേണ്ടത് . ആകയാൽ , അധികം നല്കിയ 14000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

2.അറ്റൻൻസ് രജിസ്റ്റർ പരിശോധിച്ചതിൽ , 04/22 , 05/22 എന്നീ മാസങ്ങളിൽ സ്കൂളുകൾ അവധിയായതിനാൽ കരാർ ജീവനക്കാർ സ്കൂളുകളിൽ ഹാജരായിട്ടില്ല . എന്നാൽ , ഈ മാസങ്ങളിൽ വേതനം നല്കുന്നതിനായി മേൽ പ്രോജക്റ്റിൽ നിന്നും 134000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം പണം നല്കിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല . മേൽ വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19 / 09.11.2023) മറുപടി പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 18.06.2022ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1/13ാം തീരുമാന പ്രകാരമാണ് 04/2022, 05/2022 എന്നീ മാസങ്ങളിലെ വേതനം നല്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് ഫയലിൽ രേഖകളിൽ നിന്നും വ്യക്തമാണ്. ആകയാൽ , മേൽ പ്രോജക്റ്റുകൾ പ്രകാരം അധികം ചെലവഴിച്ച 268,000/- രൂപയുടെ ചെലവ് (127000 + 127000 + 14000) ഓഡിറ്റിൽ നിരാകരിക്കുന്നു. ആകെ നിരാകരിച്ച തുകയിൽ (268,000/-രൂപ) ഖണ്ഡിക എ) പ്രകാരമുള്ള നഷ്ടത്തിന്റേയും ഖണ്ഡിക ബി) പ്രകാരമുള്ള നഷ്ടത്തുകയിൽ (141000/-രൂപ ) 14000/-രൂപ ഒഴികെയുള്ള തുകയും (127000/-രൂപ) ചേർത്ത് 2,54,000/- രൂപയുടെ പൂർണ്ണ ഉത്തരവാദിത്തം 18.06.2022ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത കമ്മറ്റിയംഗങ്ങൾക്കും ടി കാലയളവിലെ നിർവഹണോദ്യോഗസ്ഥർക്കും ഖണ്ഡിക ബി) 1 – ലെ നഷ്ടത്തുകയായ 14000/- രൂപയുടെ പൂർണ്ണ ഉത്തരവാദിത്തം നിർവഹണോദ്യോഗസ്ഥയ്ക്ക് മാത്രമായിരിക്കുന്നതാണ്. വിശദവിവരത്തിന് ഖണ്ഡിക നം. 4- 9 കാണുക.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | പച്ചക്കറികൃഷി വിത്ത് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2782000 | ലൈഫ് | 2782000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 50000 | അംഗൻവാടി പോഷകാഹാരം | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 700000 | ശാരീരിക മാനസീക വെല്ലുവിളി സ്കോളർഷിപ്പ് | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 169346 | പാലിന് സബ്സിഡി | 169346 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 60000 | സാന്ത്വന പരിചരണം | 60000 | 0 |
| ആകെ | 2022-23 | 3961346 | | 3961346 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 500000 | ആർദ്രം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4338000 | ലൈഫ് | 4338000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | അംഗനവാടി പോഷകാഹാരം | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 240000 | ശാരീരിക മാനസീക വെല്ലുവിളി സ്കോളർഷിപ്പ് | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 610344 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 610344 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 160000 | പാലിന് സബ്സിഡി | 160000 | 0 |
| ആകെ | | 6148344 | | 6148344 | 0 |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ ബി | പ്രോജക്ട് 37/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 9 | 22200329 | 337917 | 0 | 337917 |
| കെ.എസ്.ഇ ബി | പ്രോജക്ട് 36/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 10 | 22200340 | 395713 | 0 | 395713 |
| കെ.എസ്.ഇ ബി | പ്രോജക്ട് 38/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 11 | 22200405 | 82718 | 0 | 82718 |
| കെ.എസ്.ഇ ബി | പ്രോജക്ട് 206/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പൊയ്ക്കാട്ട് ഗിരിജൻ കോളനി | 42201437 | 148137 | 0 | 148137 |
| കെ.എസ്.ഇ ബി | പ്രോജക്ട് 249/22 | 42201438 | 740603 | 0 | 740603 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | | | |
| കെ.എസ്.ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 12 | 42201612 | 72240 | 0 | 72240 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6840000../-രൂപ വരവുണ്ട്.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | G.O.Rt)No.1049/23/Fin. 12/10/2022 | 6840000 | 42702628 | 5143576 | 0 | 44399052 |

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5278120 |
| തൻവർഷം നിക്ഷേപിച്ച തുക | 310099 |
| ആകെ | 5588219 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5588219 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | അക്കൗണ്ട്നം |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 31/03/23 | 1വർഷം | 5588219 | 413634035 |
| ആകെ | | | | 5588219 | |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച -7000--രൂപയുടെ വിശദാംശങ്ങൾ താഴെ കടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-2 | 7000 | അമ്പിളി ജി.എൽ.പി.എസ് തളിയാപറമ്പ് | 1220102686 തീയതി: 15-10-2022 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63034655 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45484186 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,63,366 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,68,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19,09,028 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10,000/- | | ശ്രീ. ആർ എ പ്രദീപ് കുമാർ,സെക്രട്ടറി |
| 2-2 | 58,722/- | | ശ്രീ. ആർ എ പ്രദീപ് കുമാർ,സെക്രട്ടറി |
| 2-3 | 94,644/- | | ശ്രീ. ആർ എ പ്രദീപ് കുമാർ,സെക്രട്ടറി |
| 3-1 | | 2,68,000 | ശ്രീമതി . റഹിയ സി എച്ച്, ഹെഡ്മിസ്റ്റസ് , ഗവ . എൽ . പി . എസ്, തൃച്ചാറ്റുകുളം ( 25.06.2022-ലെ നിർവഹണോദ്യോഗസ്ഥ -9071/-രൂപ ), ശ്രീ. ടോമി സേവ്യർ , ഹെഡ് മാസ്റ്റർ (11.08.2022-ലെ നിർവഹണോദ്യോഗസ്ഥൻ - 23,071), 18.06.2022ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത കമ്മറ്റിയംഗങ്ങൾ- (18143/-രൂപ വീതം) |
| ആകെ | 1,63,366/- | 2,68,000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 110100 | ശ്രീ. ആർ എ പ്രദീപ് കുമാർ,സെക്രട്ടറി |
| 1-22 | 21,600 | ശ്രീമതി. മാലിനി എസ് സാം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 17,05,088 | ശ്രീ. ആർ എ പ്രദീപ് കുമാർ, സെക്രട്ടറി |
| 1-23 | 72,240 | ശ്രീമതി. അമ്പിളി പി സി , അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1909028 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-20 കാണുക.

| ഇനം | തുക |
|---|---|
| ആദായ നികുതി | 8208 |
| ജി എസ് ടി | 8208 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ എ പ്രദീപ് കുമാർ, സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ച | ശ്രീവത്സം , പൈപ്പ് ലൈൻ റോഡ് പള്ളുരുത്തി |
| ശ്രീമതി. അമ്പിളി പി സി , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി പാണാവള്ളി ഗ്രാമ പഞ്ചായത്ത് | ഇലഞ്ഞിയിൽ, വാരണം പി ഒ |
| ശ്രീമതി. മാലിനി എസ് സാം, | അസി.എഞ്ചിനീയർ , | അനിഴം, ടിസി 14/1257(2) ഒബ്സർ വേറ്ററി |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | പാറശാല ബ്ലോക്ക് പഞ്ചായത്ത് | ലെയ്ൻ,<br>പാളയം വാർഡ് ,695033 |
| ശ്രീമതി. റഹിയ സി എച്ച് , ഹെഡ്മിസ്ട്രസ്,<br>ജി എൽ പി എസ് തൃച്ചാറ്റുകുളം | എച്ച് എം, ജി യു പി എസ്, അരൂക്കുറ്റി | എച്ച് നം-13/412 എഫ്,<br>എംകെ ശ്രീനിവാസൻ റോഡ്<br>ചുള്ളിക്കൽ,കൊച്ചി |
| ശ്രീ. ടോമി സേവ്യർ ,<br>ഹെഡ് മാസ്റ്റർ,<br>ജി എൽ പി എസ് തൃച്ചാറ്റുകുളം | എച്ച് എം , ജി എൽ പി എസ് , തൃച്ചാറ്റുകുളം | കൂട്ടുങ്കൽ ഹൌസ്, ചെല്ലാനം പിഒ കൊച്ചി- 8 |

18.06.2022-ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേര് , മേൽവിലാസം

| പേര് | വാർഡ് നം.,<br>പേര് | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി . ലക്ഷ്മി ഷാജി | 1<br>തൃച്ചാറ്റുകുളം | രാജ് ഭവൻ ,<br>തൃച്ചാറ്റുകുളം പി ഒ |
| ശ്രീമതി . ധന്യ സന്തോഷ് | 5<br>വാഴത്തറവെളി | കുഴിപ്പറമ്പിൽ ,<br>തൃച്ചാറ്റുകുളം പി ഒ |
| ശ്രീമതി . എസ് രാജി മോൾ | 7<br>ഓടംപള്ളി | തുരുത്തിമംഗലം ,<br>പാണാവള്ളി പി ഒ |
| ശ്രീമതി . ലീന ബാബു | 8<br>പഞ്ചായത്ത് ഓഫീസ്<br>വാർഡ് | മാട്ടേൽ പുതുവൽചിറ,<br>പാണാവള്ളി പി ഒ |
| ശ്രീ . മിഥുൻലാൽ | 9<br>ഗീതാനന്ദപുരം | തെക്കേപതിയാവീട്,<br>പാണാവള്ളി പി ഒ |
| ശ്രീമതി . രജനി രാജേഷ് | 11<br>ശ്രീകണ്ഠേശ്വരം | പൂതാട്ട്<br>പൂച്ചാക്കൽ പി ഒ |
| ശ്രീ . കെ ഇ കുഞ്ഞുമോൻ | 12<br>കമ്മ്യൂണിറ്റി ഹാൾ<br>വാർഡ് | കൊച്ചുതറ,<br>പൂച്ചാക്കൽ പി ഒ |
| ശ്രീ . ബോബി ചാക്കോ | 13<br>പള്ളിവെളി | കൊല്ലേക്കാട്ട്<br>പൂച്ചാക്കൽ പി ഒ |
| ശ്രീമതി . ഹരിഷ്മ വിനോദ് | 14<br>തളിയാപറമ്പ് | വടക്കേചിറക്കൽ<br>ഉളവയ്പ്പ് പി ഒ |
| ശ്രീമതി . രാഗിണി രമണൻ | 15<br>ഇടപ്പങ്ങഴി | പടിഞ്ഞാറേ താമരവെളി,<br>പൂച്ചാക്കൽ പി ഒ |
| ശ്രീ . ജി ധനേഷ് കുമാർ | 16<br>മുട്ടത്ത് കടവ് | ലക്ഷ്മി നിവാസ് ,<br>പാണാവള്ളി പി ഒ |
| ശ്രീ . എസ് ജയകുമാർ | 17<br>നാൽപ്പത്തെണീശ്വരം | തോട്ടുപുറത്ത്,<br>തൃച്ചാറ്റുകുളം പി ഒ |
| ശ്രീ . അജയഘോഷ് | 18<br>ആന്നലത്തോട് | അജയ ഭവനം,<br>പാണാവള്ളി പി ഒ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11,തീയതി: 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11,<br>തീയതി: 11.08.11/05.09.11 |
| 2007-08 | എൽ.എഫ്.പി 9-280/11, തീയതി: 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12, തീയതി: 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12, തീയതി: 16.07.12/08.08.12 |

| | |
|---|---|
| 2010-11 മുതൽ 2012-13 വരെ | കെ.എസ്.എ/എ.എൽ.പി/ജി.എ4/GPAdalath/25/21 തീയതി:26/07/2022 |
| 2013-14 | |
| 2014-15 | |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി5-1233/2022 തീയതി: 28.04.2023 |
| 2016-17 | |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-173/19 തീയതി: 07.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി5-1233/2022 തീയതി: 28.04.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി5/951/2021 തീയതി: 24.2.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി5/952/2021 തീയതി: 24.2.22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി5/1091/2022 തീയതി: 04.11.22 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Panavally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panavally Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Panavally Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2) In Cash flow statement, Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalents.
3) The Demand, Collection and Balance of Property Tax as per Annual Account does not match with the entries from Sanchaya Software D.C.B Statement.
4)The demand entries property tax, profession tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.
5)The amount is wrongly included in the annual Annual Financial Statement.
6) Reconciliation statement does not match with Annual Financial Statement.
7)The Expenditure is not entered in saankhya software ,closing balance is match with Annual Financial Statement.
8)The amount of expenditure in ACR under Development Fund (General) does not match the amount in the Annual Financial Statement.
9)The amount of expenditure in ACR under Development Fund (SCP ) does not match the amount in the Annual Financial Statement.
10)The amount of expenditure in ACR under Finance Commission CFC does not match the amount in the Annual Financial Statement.
11)No documents were produced to verify the accuracy of the amount recorded as deposit in Kerala Bank Account No. 1234 and RP(40B)
12)Asset register is not kept up to date.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്